## വചന വിചിന്തനം : മെയ് 3 ഞായർ, 2009

**യോഹ. 16 : 16–**

നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.....

അമ്മയുടെ ഈറ്റു നോവിന്റെ വേദനയിലൂടെ.......

കുഞ്ഞിനു ജന്മം നല്കാൻ ഒരു അമ്മയുടെ ഒരുക്കമാണിത്. തീവ്രമായ വേദനയിലൂടെ കുഞ്ഞിനു ജന്മം നല്കുന്നു. പക്ഷേ പിറന്നു വീഴുന്ന കുഞ്ഞിന്റെ മുഖത്തേക്കു ഒന്നു നോക്കുമ്പോഴേക്കും തീർന്നു കഴിഞ്ഞു അവളുടെ വേദനയുടെ ഓർമ്മകളെല്ലാം പിന്നീട് ഒരിക്കലും അത് അവളെ അസ്വസ്ഥയാക്കില്ല.....

ഈശോയുടെ സ്നേഹത്തിനും ഒരു 'അമ്മഭാവ'മുണ്ടെന്ന് സുവിശേഷം പലതവണ ഓർമ്മപ്പെടുത്തുന്നുണ്ട്.

ജറുസലേമിനോട്- ''പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴ് നിർത്താൻ ആഗ്രഹിക്കുന്നതു പോലെ ജറുസലേമേ എത്രയോ പ്രാവശ്യം നിന്നെ ഞാൻ എന്നോട് ചേർത്തു നിർത്താൻ ആഗ്രഹിച്ചു...''

അത്താഴമേശക്കരികിലിരുന്ന യോഹന്നാൻ അവന്റെ മാറിലേക്കു ചാരിക്കിടക്കുന്നത് ഈ സ്നേഹത്തിന്റെ വെളിപാട് കിട്ടിയതുകൊണ്ടല്ലേ...

ഒടുവിൽ, എല്ലാവരെയും വിളിച്ചിരുത്തി സ്വന്തം ശരീര രക്തങ്ങൾ വിളമ്പുമ്പോഴും ... അമ്മയുടെ രക്തംകൊണ്ട് അരുമകൾക്കു ജീവൻ നല്കുന്ന അമ്മ പക്ഷിയെപ്പോലെ...

അങ്ങനെയുള്ള മാതൃസ്നേഹത്തിന്റെ ഒടുവിലത്തെ കുറിപ്പാണ് ഈശോയുടെ വിടവാങ്ങലിനെയും ഹൃദയസ്പർശിയാക്കുന്നത്...

ഇതാ നിങ്ങളുടെ ദുഃഖം സന്തോഷമായിമാറും... യഥാർത്ഥത്തിൽ അവന്റെ മാത്രം ദുഃഖങ്ങളാ അവരുടെ എല്ലാവരുടെയും സന്തോഷത്തിനു കാരണമാകുന്നത്...

ഒരു ഗത്സമേനും കുരിശുമരണവും ഒറ്റപ്പെടലും ഒടുവിലത്തെ നിലവിളിയുമൊക്കെ ഉള്ളിലൊളിപ്പിച്ച ഒരു പ്രസ്താവനയാണ്... നിങ്ങളുടെ ദുഃഖം സന്തോഷമായിമാറും എന്നുള്ളത്.

ഈ യാഥാർത്ഥ്യങ്ങൾക്കു സാക്ഷികളാകുന്ന ശിഷ്യന്മാർ എല്ലാ അർത്ഥങ്ങളിലും ചിതറിക്കപ്പെടുന്നവരാണ്. ഒറ്റുകൊടുത്ത് ജീവിതം ഒടുക്കിയവനും, അറിയില്ല എന്നു പറഞ്ഞ് അപ്രത്യക്ഷനാകുന്നവനും....... വസ്ത്രംപോലും ഉപേക്ഷിച്ച് ഓടി രക്ഷപ്പെടുന്നവരും..... ഒടുവിൽ ദുഃഖകരമായ ഈ രാത്രികൾ വല്ലാതെ തളർത്തിക്കളഞ്ഞവരും.. ''അവരിൽ ചിലർ എമ്മാവൂസിലേക്ക് പോകുകയായിരുന്നു... മ്ലാനവദനരായിരുന്നു അവർ'' എന്ന അടിക്കുറിപ്പോടെയാണല്ലോ സുവിശേഷം അവരെ അവതരിപ്പിക്കുന്നത്. പിന്നെ എല്ലാ പ്രതീക്ഷയും വെടിഞ്ഞ് പഴയ വലയുമെടുത്ത് തീരത്തിന്റെ അസ്വസ്ഥതകളിലേക്ക് മടങ്ങിയവരും! കാരണം - കുരിശിലെ നിലവിളിയോടെ അവർ നിരാശരായിരുന്നു.

പക്ഷെ ഒടുവിലത്തെ നിലവിളി അവന്റെ ഉയിർപ്പിന്റെ നിമിഷങ്ങളായിരുന്നു എന്ന് ക്രിസ്തുവിനറിയാമായിരുന്നു. കാരണം, അതേ തുടർന്നാണ് ആത്മാവിന്റെ അഗ്നിയും പന്തക്കുസ്താ

യുടെ കൊടുങ്കാറ്റുമൊക്കെ ഒരു പുതു ജനത്തിനു കളമൊരുക്കുന്നത്. അത് ക്രിസ്തു സഭ യുടെ ജനനമാണ്.

അങ്ങനെ തമ്പുരാന്റെ യാഗത്തിലെ നിലവിളികൾ ഒരു ഈറ്റുനോവിന്റെ നൊമ്പരംപോലെ സഭയ്ക്കു പിറവികൊടുക്കുകയാണ്.... ഒരമ്മ മനസ്സിന്റെ സ്നേഹമാണ് അവൻ കരുതുന്ന സഭ യുടെ ജന്മത്തിലും നാം കാണുന്നത്.. പ്രവാചക വചനം നിറവേറുകയാണിവിടെയും... ''മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ! പെറ്റമ്മ തന്റെ പുത്രനോട് കരുണകാ ണിക്കാതിരിക്കുമോ........... ഞാൻ നിന്നെ മറക്കില്ല'' (ഏശയ്യ).

രക്ഷാകരമാകണം ദുഃഖങ്ങളെല്ലാം. നിന്റെ നിലവിളികൾക്ക് സംഗീതത്തിന്റെ താളബോധം നല്കുന്നത് ക്രിസ്തുവിന്റെ സ്നേഹത്തിലെ അമ്മ ഭാവങ്ങളാണ്. രക്ഷാകരമായ സഹനങ്ങൾ സന്തോഷത്തിലവസാനിക്കുമെന്ന്........ ഒരു ഈറ്റു നോവുപോലെ .......

നബുക്കദ്നേസ്സർ രാജാവ് അഗ്നി ചൂളയിലേക്ക് വലിച്ചെറിഞ്ഞ മൂന്നു യുവാക്കളെ അഗ്നി വിഴുങ്ങുന്നതുകാണാൻ കാത്തു നിന്നവർ, കാണുന്നത് ചൂളയുടെ നടുവിൽ ഒരു ശീതികരിച്ച മുറിയിലെന്നപോലെ അവർ ദൈവത്തെ സ്തുതിക്കുന്നതാണ്. നിനക്കു മുമ്പിലുള്ള അഗ്നിചൂ ളയും, സമുദ്രവും കൊടുങ്കാറ്റുമൊക്കെ അമ്മ മനസ്സിന്റെ ഈറ്റു നോവിനോടു ചേർത്ത് വച്ച് രക്ഷാകരമാക്കി മാറ്റാനുള്ള ആഹ്വാനമാണ് ഈശോയുടെ വിടവാങ്ങൽ പ്രഭാഷണത്തിന്റെ അന്തഃസത്ത:- കാരണം, തമ്പുരാനറിയാം അവന്റെ പ്രിയപ്പെട്ടവരെ കാത്തിരിക്കുന്ന ദുരന്ത ങ്ങൾ... ഇന്നും സമൂഹമദ്ധ്യത്തിൽ വിചാരണചെയ്യപ്പെട്ട് അവഹേളിക്കപ്പെടുന്ന സഭയുടെ നില വിളികൾ.

**ഫാ. അലക്സ് വേലാച്ചേരി**